# Form VIII

(വകുപ്പ് 6 റൂൾ 14)

## ചിട്ടി ഉടമ്പടി

ഉത്തരവ് നമ്പർ ഇ1. 1044/2018 തൃശൂർ, തിയ്യതി : 09/03/2018

എല്ലാ ഇംഗ്ലീഷ് മാസവും ാം തിയ്യതി തോറും നടത്തുന്ന ചിട്ടിയുടെ നടത്തിപ്പിനുവേണ്ടി ചിട്ടി മുൻപൻ ചിറ്റാളന്മാരും തമ്മിൽ ഏർപ്പെട്ട കരാറിലെ വ്യവസ്ഥകൾ.

1. ഈ ചിട്ടി തൃശൂർ സബ് രജിസ്ട്രാർ ആഫീസിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതാകുന്നു.

2. ാമാണ്ട് മാസം......................ാംനു...........................................ാം നമ്പറായി രജിസ്റ്റർ ചെയ്തിട്ടുള്ളതാകുന്നു.

ക. **മുൻപൻ :** ഈ ചിട്ടിയുടെ മുൻപൻ (ഫോർമാൻ) ചാവക്കാട് താലൂക്ക് പൂക്കോട് വില്ലേജ് പൂക്കോട് ദേശത്ത് (പി.ഒ. കോട്ടപ്പടി, പിൻകോഡ് – 680505) പുളിക്കൽ ശ്രീനിവാസൻ മകൻ പ്രകാശൻ, 39 വയസ്സ്, ഫോൺ നമ്പർ: 8085875656, ബ്രാഞ്ച് കോർഡിനേറ്റർ, രാധാകൃഷ്ണ കുറീസ് പ്രൈവറ്റ് ലിമിറ്റഡ്, ഓപ്പൻസ് ഷോപ്പിംഗ് കോപ്ലംക്സ്, 2[nd]ഫ്ളോർ 12/354/8, വാരിയം ലൈൻ, തൃശൂർ, പിൻ – 680 001 ആകുന്നു.

**ക. ചിട്ടി സംഖ്യയും ആകെ തവണ സംഖ്യയും, ആകെ ഫ്രാക്ഷനും :–**

ഈ ചിട്ടി 10,000/ രൂപ തവണ സംഖ്യയും 50 മാസം കാലാവധിയും 5,00,000 (അഞ്ച് ലക്ഷം) രൂപ സലയുള്ളതുമാകുന്നു. ഈ ചിട്ടി ഒരു നറുക്ക് മാത്രം ഉള്ളതും ഫ്രാക്ഷൻ ഇല്ലാത്തതുമാകുന്നു..

**കകക. ചിട്ടിയുടെ കാലാവധിയും ചിട്ടി ആരംഭിക്കാൻ ഉദ്ദേശിക്കുന്ന തിയ്യതിയും :**

ഒന്നാമത് ചിട്ടി തവണ 201 ാം തിയ്യതി പകൽ 3 മണിക്ക് നടക്കുന്നതും പിന്നീടുള്ള തവണകൾ എല്ലാ മാസവും ടി സമയത്ത് രാധാകൃഷ്ണ കുറീസ് പ്രൈവറ്റ് ലിമിറ്റഡിന്റെ തൃശൂർ കോർപ്പറേഷൻ കൊക്കാല ദേശത്ത് വാരിയം ലൈൻ ഓപ്പൻസ് ഷോപ്പിംഗ് കോപ്ലംക്സിൽ 2[nd]ഫ്ളോറിലുള്ള തൃശൂർ കോപ്പറേഷൻ 12/354/8 നമ്പർ ഓഫീസിൽ വെച്ച് നടത്തുന്നതും എല്ലാ ചിട്ടി ദിവസവും അടുത്ത ചിട്ടി ദിവസവും അടുത്ത ചിട്ടി മുൻപേറായി ലേലം ചെയ്യുന്നതും നടത്തുന്നതും ആണ്ടിൽ 12 തവണകൾ വീതം 50 മാസം നടത്തി 202 –ാം തിയ്യതി അവസാനിക്കുന്നതുമാകുന്നു.

**കഢ. ഫോർമാൻ സെക്യൂരിറ്റി ആയി നൽകുന്ന ഡെപ്പോസിറ്റ് തുകയുടെ വിശദീകരണം :–**

ചിട്ടി ആക്ട് സെക്ഷൻ 20(മ) : ഈ ചിട്ടിയുടെ ശരിയായ നടത്തിപ്പിനുജാമ്യമായി മുൻപൻ ചിട്ടി ആക്ട് 20ാം വകുപ്പ് പ്രകാരം ചിട്ടി തുകയുടെ 100%ന് തുല്യമായ 5,00,000/ രൂപ 855145110001209–ാം നമ്പർ രസീതു പ്രകാരം ക്യാഷ് ഡെപ്പോസിറ്റായി ബാങ്ക് ഓഫ് ഇന്ത്യയുടെ ഗുരുവായൂർ ശാഖയിൽ 07022018 തിയ്യതിയിൽ നിക്ഷേപിക്കുകയും അസിസ്റ്റന്റ് ചിട്ടി രജിസ്ട്രാർ പേർക്ക് ചിറ്റാളന്മാർക്ക് വേണ്ടി ജാമ്യം സ്ഥാപിച്ചിട്ടുള്ളതുമാണ്. ടി. ജാമ്യം മതിയായതാണെന്നുള്ളതിന് തൃശൂർ അസിസ്റ്റന്റ് ചിട്ടി രജിസ്ട്രാറുടെ 19022018 തിയ്യതിയിൽ ഇ3ജട 29/2018–ാം നമ്പർ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുള്ളതുമാകുന്നു. മുൻപൻ ചിട്ടി സംബന്ധമായ ബാദ്ധ്യതകൾ അവസാനിപ്പിക്കുന്ന മുറയ്ക്കാല്ലാതെ പ്രസ്തുത സെക്യൂരിറ്റി ഫോർമാന് തിരികെ ലഭിക്കുന്നതുമല്ലത്തതുമാകുന്നു.

**ഢ. ചിട്ടി നടത്തിപ്പിന്റെ രീതി :–**

1. ഈ ചിട്ടി 10,000 (പതിനായിരം) രൂപ തവണ സംഖ്യയും 50 മാസം കാലാവധിയുള്ളതുമാകുന്നു. ചിട്ടി സലയുടെ 5% ആയ 25,000/ (ഇരുപത്തിയ്യായിരം) രൂപ ഫോർമാൻ കമ്മീഷൻ ആയും ലേല സമയം 15 മിനിട്ടും ആയി ക്ലിപ്തപ്പെടുത്തിയിട്ടുള്ളതുമാകുന്നു. ചിട്ടി തുകയ്ക്ക് അർഹരായവരെ ലേലത്തിൽ കൂടിയോ നറുക്കിട്ടെടുത്തോ നിശ്ചയിക്കുന്നതുമാകുന്നു. ഈ ചിട്ടിയുടെ ലേലം ആർട്ടിക്കിൾ കകക–ൽ രേഖപ്പെടുത്തിയിരിക്കുന്ന സ്ഥലത്തും തിയ്യതിയിലും സമയത്തും നടത്തുന്നതുമാണ്.

2. ഓരോ ചിട്ടി ദിവസവും ആകെ മുതലിൽ നിന്നും ഫോർമാൻ കമ്മീഷനായ 5% കുറച്ച് ലേലം വിളിച്ച് തുടങ്ങേണ്ടതും അതായത് ഓരോ ലേലത്തിൽ 25,000/ (ഇരുപത്തായ്യായിരം) രൂപ കുറച്ച് കൂടുതൽ തുക ഉപേക്ഷിക്കുന്ന ചിറ്റാളിന്റെ പേരിൽ സ്ഥിരപ്പെടുത്തേണ്ടതും, എന്നാൽ 30% തുകയിൽ കൂടുതൽ കുറവുചെയ്യാൻ പാടില്ലാത്തുതുമാകുന്നു. 30% തുക കുറച്ചുവിളിക്കാൻ ഒന്നിൽ കൂടുതൽ ചിറ്റാളന്മാർ ഉണ്ടെങ്കിൽ ലേലം നറുക്കിട്ടെടുത്ത് സ്ഥിരപ്പെടുത്തുന്നതുമാണ്.

3. എതെങ്കിലും കാരണവശാൽ ഫോർമാൻ കമ്മീഷൻ കഴിച്ച് ലേലം വിളി കേൾക്കാൻ ആളില്ലാതെ

വന്നാൽ വരിസംഖ്യ കുടിശ്ശിക ഇല്ലാത്ത ചിറ്റാളന്മാരുടെ പേരുകൾ നറുക്കിട്ടെടുത്ത് ചിട്ടി പിടിച്ച ചിറ്റാളനെ നിശ്ചയിക്കുന്നതും അപ്രകാരം നിശ്ചയിക്കപ്പെടുന്ന ആളിന് ഫോർമാൻ കമ്മീഷൻ കഴിച്ചുള്ള തുകക്ക് അവകാശം ഉണ്ടായിരിക്കുന്നതുമാണ്.

4. കുറി മുടക്ക് വരുത്തിയിട്ടുള്ള ചിറ്റാളന്മാർക്ക് ചിട്ടി ലേലത്തിലോ നറുക്കെടുപ്പിലോ പങ്കെടുക്കാൻ അവകാശമില്ല.

5. ഏതെങ്കിലും കാരണവശാൽ ചിറ്റാളന് ലേലത്തിൽ നറുക്കെടുപ്പിൽ പങ്കെടുക്കാൻ കഴിയാതെ വരുന്ന പക്ഷം ചിറ്റാളന്റെ എഴുത്തുമുഖേന അധികാരം സിദ്ധിച്ച ആളിനെ ലേലത്തിൽ പങ്കെടുപ്പിക്കാൻ ഫോർമാന് അവകാശം ഉണ്ടായിരിക്കുന്നതാണ്.

**ഢക. ചിട്ടി തവണകൾ അടക്കേണ്ട രീതി**

1. ചിട്ടിക്ക് ചിറ്റാളന്മാർ അടക്കേണ്ട തുക ചിട്ടി ദിവസം ലേല സമയത്തിനുമുൻപ് അടച്ച് മുറപ്രകാരമുള്ള രസീത് വാങ്ങിക്കൊള്ളേണ്ടതും ഫോർമാന്റെയോ അധികാരപ്പെടുത്തിയ ജോലിക്കാരന്റെയോ കൈയ്യൊപ്പില്ലാത്ത രശീതുകൾ സ്വീകാര്യമല്ലാത്തതുമാകുന്നു.

2. ചിട്ടി പിടിച്ച ചിറ്റാളൻ ഏതെങ്കിലും തവണസംഖ്യ അതാത് തവണ ദിവസമോ അതിനു മുമ്പോ അടയ്ക്കാത്ത പക്ഷം വീതപലിശ കണക്കാക്കാതെ മുഴുവൻ സംഖ്യയും മറുചിട്ടിക്കകം 12% കൂടുന്ന പലിശ സഹിതം അടക്കേണ്ടതാണ്. അപ്രകാരം ചെയ്യാതിരുന്നാൽ മുടക്ക തിയ്യതി മുതൽ ബാധ്യത പൂർണ്ണമായും (വീതപലിശ കൂടാതെ) മുടക്ക തിയ്യതി മുതൽ 12% കവിയാത്ത പലിശയും ചെലവും സഹിതം ഒന്നായി ചിറ്റാളിന്റെ സ്ഥാവര ജംഗമ സ്വത്തുക്കളിൽ നിന്നും ജാമ്യക്കാരിൽ നിന്നും ഈടാക്കി എടുക്കുന്നതിന് ഫോർമാനോ, ഫോർമാനുവേണ്ടി സ്ഥാപനത്തിനോ അവകാശം ഉണ്ടായിരിക്കുന്നതാണ്.

3. ചിട്ടിപിടിക്കാത്ത ചിറ്റാളന്മാർ അതാത് തവണസംഖ്യ തിയ്യതിക്കു തന്നെ അടക്കാത്ത പക്ഷം 12% കൂടുതൽ പലിശയോടുകൂടി അടുത്ത തവണ തിയ്യതിക്കോ അതിനുമുമ്പോ അടക്കേണ്ടതും അപ്രകാരം ചെയ്യാതിരുന്നാൽ നിയമപ്രകാരം നോട്ടീസ് നൽകി അത്രയും സംഖ്യ ഫോർമാൻ ഇറക്കി നടത്തുന്നതിനും പകരം ആളെ ചേർത്ത് നടത്തുന്നതിനും ഫോർമാന് അവകാശം ഉണ്ടായിരിക്കുന്നതും, മുടക്കം വരുത്തിയ ചിറ്റാളനെ നീക്കം ചെയ്ത് പകരം ആൾ ചേർത്ത വിവരം 14 ദിവസത്തിനകം മുടക്ക് ചിറ്റാളനെ അറിയിക്കേണ്ടതുമാണ്.

4. ചിട്ടി പിടിക്കാത്ത ഒരു മുടക്കു ചിറ്റാളനുപകരം ചേർക്കപ്പെടുന്ന പുതിയ ചിറ്റാളനിൽ നിന്നും ഈടാക്കുന്ന തുകയിൽ നിന്നും മുടക്കു ചിറ്റാളന് ലഭിക്കേണ്ടതായ തുക ഫോർമാൻ പ്രത്യേകം ഡെപ്പോസിറ്റ് ചെയ്യേണ്ടതും ആ തുക മുടക്ക് ചിറ്റാളൻ ആവശ്യപ്പെടുമ്പോൾ മുൻപൻ നിൽകേണ്ടതുമാണ്. അപ്രകാരം നൽകിയില്ലെങ്കിൽ പ്രസ്തുത തുക പലിശ സഹിതം ഈടാക്കുവാൻ മുടക്ക് ചിറ്റാളന് അവകാശമുള്ളതുമാണ്.

**ഢകക.ചിട്ടി പിടിച്ച ചിറ്റാളൻ ചിട്ടി പണം കൈപ്പറ്റുന്നതിനുവേണ്ട നടപടിക്രമങ്ങൾ.**

1. ചിട്ടി പിടിച്ച ചിറ്റാളനോ അല്ലെങ്കിൽ അയാളുടെ അവകാശിയോ ഫോർമാൻ പക്കൽ നിന്നും 30 ദിവസത്തിനുശേഷം 60 ദിവസത്തിനകം ചിട്ടി സംഖ്യ പറ്റാവുന്നതാണ്. ഇപ്രകാരം പറ്റുന്ന സംഖ്യയിൽ ചിട്ടിയുടെ മേൽതവണകൾക്ക് അടക്കേണ്ട സംഖ്യയുടെ ഉറപ്പിലേക്ക് ഫോർമാന് യുക്തമായ ജാമ്യം ചിട്ടിപിടിച്ച ചിറ്റാളനോ അയാളുടെ അവകാശിയോ കൊടുക്കേണ്ടതാണ്. കമ്പനി സ്വീകരിക്കുന്ന ജാമ്യങ്ങൾ: വസ്തുജാമ്യം, ബാങ്കുകളിലെ സ്ഥിരം ഡെപ്പോസിറ്റുകൾ, ലൈഫ് ഇൻഷൂറൻസ് പോളസി, വിളിക്കാത്ത ചിട്ടി പാസ്ബുക്ക്, സ്വർണ്ണപണ്ടം, സർക്കാർ ജീവനക്കാർ, മതിയായ ശമ്പളമുള്ള ജീവനക്കാർ, തുടങ്ങിയവയുടെ അടിസ്ഥാനത്തിൽ.

2. ഏതെങ്കിലും കാരണവശാൽ ചിട്ടി പിടിച്ച ചിറ്റാളനോ, അയാളുടെ അവകാശിയോ മതിയായ ജാമ്യം നൽകി ചിട്ടി സംഖ്യ കൈപ്പറ്റിയില്ലെങ്കിൽ ആ സംഖ്യ ഫോർമാൻ കോർപ്പറേഷൻ ബാങ്ക് കുന്നംകുളം ബ്രാഞ്ചിൽ നിക്ഷേപിച്ച് ചിട്ടി പിടിച്ച ചിറ്റാളനെ ആ വിവരം അറിയിക്കേണ്ടതാണ്.

3. ഏതെങ്കിലും കാരണവശാൽ നിക്ഷേപതുക മേലാൽവയ്ക്കാനുള്ള തവണകൾക്ക് മതിയാകാതെ വന്നാൽ ആ സംഖ്യയും അതിൻമേലുള്ള പലിശയും മറ്റു ചെലവുകളും ചിറ്റാളിൽ നിന്നും ഈടാക്കുവാൻ ഫോർമാന് അവകാശം ഉണ്ടായിരിക്കുന്നതാണ്.

4. ഡിപ്പോസിറ്റ് തുകയിൽ നിന്നും മേൽ തവണകൾക്കുള്ള തുക അടച്ചുതീർത്ത ശേഷം എന്തെങ്കിലും തുക ബാക്കി വന്നാൽ ആയത് ചിട്ടി അവസാനിച്ച ശേഷം ചിറ്റാളനോ, അവകാശിക്കോ ഫോർമാൻ കൊടുക്കേണ്ടതാണ് അപ്രകാരം ചെയ്യാത്ത പക്ഷം ചിട്ടി അവസാനിച്ച ദിവസം മുതൽ പ്രസ്തുത തുകയ്ക്ക് നിയമാനുസരണമുള്ള പലിശ സഹിതം ഫോർമാനിൽ നിന്ന് ഈടാക്കുന്നതിന് ചിറ്റാളനോ, അയാളുടെ അവകാശിക്കോ അധികാരം ഉണ്ടായിരിക്കുന്നതാണ്.

5. ചിട്ടി തുക ബാങ്കിൽ നിക്ഷേപിച്ചതിനുശേഷം ചിറ്റാളനോ അയാളുടെ അവകാശിയോ ചിട്ടി പണം പറ്റുന്നതിന് ആവശ്യമായ ജാമ്യമോ, ഉറപ്പോ ഹാജരാക്കിയാൽ ഫോർമാൻ പ്രസ്തുത ഡെപ്പോസിറ്റ് തുക പിൻവലിച്ച് അന്നുവരെ നടന്ന തവണകൾക്കുള്ള തുക അതിൽ നിന്നും കുറവുചെയ്തതിനുശേഷം ശേഷിക്കുന്ന തുക ചിറ്റാളനോ, അയാളുടെ അവകാശിക്കോ കൊടുക്കേണ്ടതാകുന്നു.

6. ചിട്ടി പിടിച്ച ചിറ്റാളനോ അയാളുടെ അവകാശി ക്കോ ചിട്ടി പണം പറ്റുന്നതിന് ആവശ്യമായ ജാമ്യവും, ഉറപ്പും ഹാജരാക്കിയിട്ടും, ഫോർമാൻ ചിട്ടിപണം കൊടുക്കാതിരുന്നാൽ ആ തുകക്ക് ജാമ്യം ഹാജരാക്കിയ ദിവസം മുതലുള്ള നിയമാനുസരണമായ പലിശ സഹിതം ഫോർമാനിൽ നിന്നും ഈടാക്കുന്നതിന് ചിട്ടി പിടിച്ച ചിറ്റാളനോ അവകാശിക്കോ അവകാശം ഉണ്ടായിരിക്കുന്നതാണ്.

**ഢകകക. വീതപലിശ വീതിച്ചുകൊടുക്കൽ**

ലേലം നടക്കുന്ന ഓരോ ടിക്കറ്റിന്റെയും ഫോർമാൻ കമ്മീഷൻ കഴിച്ചുള്ള ലേലാദായം ചിട്ടി പിടിച്ചവർക്കും പിടിക്കാത്തവർക്കും തുല്യമായി വീതിച്ചുകൊടുക്കേണ്ടതാണ്. നറുക്ക് സംഖ്യയിൽ നിന്ന് ടി വീത പലിശ കിഴിച്ചതായിരിക്കും അടുത്ത തവണ സംഖ്യ.

**കത. ഫോർമാൻ കമ്മീഷനും പറ്റിയെടുക്കുന്ന തവണയുടെ വിവരണവും**

1. .............ലെ ഒന്നാമത് തവണ ഡിസ്കൗണ്ട് ഒന്നും കൂടാതെ ഫോർമാൻ പിരിച്ചെടുക്കുന്നതാകുന്നു. ഒന്നാമത്തെ തവണയും അവസാനത്തെ തവണക്കും ലേലവും ഇല്ലാത്തതും ഈ തവണ കിട്ടുന്നവർക്ക് ഫോർമാൻ കമ്മീഷൻ കഴിച്ചുള്ള മൊത്തം തുകക്കും അവകാശം ഉണ്ടായിരിക്കുന്നതാണ്.

2. ഫോർമാൻ കമ്മീഷൻ ചിട്ടി തുകയുടെ 5% എന്ന് ക്ലിപ്തപ്പെടുത്തിയിട്ടുള്ളതും 10,000/രൂപ തവണ സംഖ്യയും 50 മാസം കാലാവധിയും ഉള്ള ചിട്ടിക്ക് നറുക്കൊന്നിന് 25,000/ രൂപ കമ്മീഷനായി ലഭിക്കുന്നതുമാകുന്നു. അങ്ങിനെ 25,000 രൂപ മൊത്തം ഫോർമാൻ കമ്മീഷനായി ലഭിക്കുന്നതാണ്.

3. ചിട്ടിയുടെ ഫോർമാൻ കമ്മീഷനിൽ കേന്ദ്രസർക്കാർ ചുമത്തിയിട്ടുള്ള സേവനനികുതി, മറ്റു നികുതികൾ അതാത് കാലങ്ങളിലെ നിരക്കനുസരിച്ച് വരിക്കാരിൽ നിന്നും പിരിച്ചെടുക്കുവാൻ ഫോർമാന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

**ത. ചിട്ടി കൈമാറ്റം**

1. ചിട്ടി കൈമാറ്റം : ഫോർമാന്റെ രേഖാമൂലമായ സമ്മതം ഇല്ലാതെ ചിറ്റാളന്മാർ അവരുടെ ചിട്ടിയിലുള്ള അവകാശം കൈമാറ്റം ചെയ്യാവുന്നതല്ല. മുൻ ചിറ്റാളനുണ്ടായിരുന്നതിൽ കവിഞ്ഞ് യാതൊരു അവകാശവും പകരം ചേർന്ന ചിറ്റാളന് ഉണ്ടായിരിക്കുന്നതല്ലാത്തതും, പകരം ചേർന്ന ചിറ്റാളന് ഇതിൽ പറയുന്ന എല്ലാ വ്യവസ്ഥകളും ബാധകമായിരിക്കുന്നതുമാണ്. നീക്കം ചെയ്യപ്പെട്ട ചിറ്റാളന്മാർക്ക് ചിട്ടിയിലുണ്ടായിരുന്ന അവകാശങ്ങൾ കൈമാറ്റം ചെയ്യുന്നതിന് അപ്രകാരം ഫോർമാന്റെ അനുമതി ആവശ്യമാണ്. എങ്കിലും അപ്രകാരമുള്ള കൈമാറ്റത്തിലൂടെ നീക്കം ചെയ്യപ്പെട്ട ചിറ്റാളന് ഉണ്ടായിരുന്നതിൽ കവിഞ്ഞ യാതൊരു അവകാശവും ആയത് കൈമാറ്റം ചെയ്ത് വാങ്ങിയ ആൾക്ക് ലഭിക്കുന്നതല്ലാത്തതുമാകുന്നു.

**2. ചിട്ടിപിടിച്ച ചിറ്റാളന്മാരിൽ നിന്നും തവണ സംഖ്യകൾ ഈടക്കുവാൻ ഫോർമാനുള്ള അവകാശം** :അസി. ചിട്ടി റജിസ്ട്രാറുടെ രേഖാമൂലമുള്ള മുൻ അനുമതി കൈമാറ്റം ചെയ്യാൻ പാടില്ലാത്തതും, അപ്രകാരമുള്ള കൈമാറ്റങ്ങൾ ചിട്ടി പിടിക്കാത്ത ചിറ്റാളന്മാർക്ക് ലഭിക്കേണ്ട സംഖ്യക്ക് കാലതാമസം വരുത്തുകയോ, അത് ലഭിക്കാതിരിക്കതക്ക സാഹചര്യം സൃഷ്ടിക്കുകയോ ചെയ്യുന്ന പക്ഷം മേൽപറഞ്ഞ ചിട്ടി കിട്ടാത്തതും, പിടിക്കാത്തതുമായ ചിറ്റാളന്മാർക്ക് അപ്രകാരമുള്ള കൈമാറ്റങ്ങൾ ദുർബലപ്പെടുത്താവുന്നതുമാകുന്നു.

**തക. ചിട്ടി ബാലൻസ് ഷീറ്റും ചിട്ടി രേഖ പരിശോധിക്കുന്നതിന് ചിറ്റാളന്മാർക്കുള്ള അവകാശവും :**

1. ചിട്ടി സംബന്ധമായ ആസ്തി ബാദ്ധ്യതകളേയും അവയുടെ സ്വഭാവത്തെയും അവയിൽ ചിട്ടി ധനത്തെ വിലയിരുത്തിയ രീതിയും കാണിക്കുന്ന ചിട്ടിയുടെ വർഷാന്ത്യബാലൻസ് ഷീറ്റ് 28–ാം നമ്പർ ഫോറത്തിൽ ഫോർമാൻ തയ്യാറാക്കേണ്ടതും, ചിട്ടി റൂൾ 31 പ്രകാരം ഓഡിറ്റ് ചെയ്യുന്നതിന് വേണ്ടി ഓഡിറ്റർമാർക്ക് നൽകേണ്ടതും ഓഡിറ്റഡ് ബാലൻസ് ഷീറ്റ് യഥാസമയം ഫയൽ ചെയ്യേണ്ടതും ഓഡിറ്റർമാരുടെ ഒരു സർട്ടിഫിക്കറ്റ് ഫോർമാൻ വാങ്ങി സൂക്ഷിക്കേണ്ടതുമാകുന്നു.

2. ചിട്ടി സംബന്ധമായ രേഖകൾ ചിറ്റാളന്മാർക്ക് പരിശോധിക്കുന്നതിന് വേണ്ടി ചിട്ടി ദിവസങ്ങളിൽ 11മണി മുതൽ 1 മണി വരെ സൗകര്യമുണ്ടായിരിക്കുന്നതാണ്.

**തകക. ചിട്ടി സംബന്ധമായ തുകകൾ നിക്ഷേപിക്കുന്ന ബാങ്ക്**

ചിട്ടി സംബന്ധമായ തുകകൾ ഗവൺമെന്റ് അംഗീകൃത ബാങ്കായ പഞ്ചാബ് നാഷണൽ ബാങ്ക്, തൃശൂർ ശാഖയിൽ നിക്ഷേപിക്കുന്നതുമാകുന്നു.

**തകകക. മിസ്സിലേനിയസ്**

1. 50ാമത്തെ തവണ ചിട്ടി പിടിച്ച ചിറ്റാളന് ഫോർമാൻ കമ്മീഷൻ കഴിച്ചുള്ള തുക മുഴുവൻ കിട്ടാൻ അവകാശം ഉള്ളതും പ്രസ്തുത തുക ചിട്ടി വട്ടമറുതി ആയതിനുശേഷം ഒരു മാസത്തിനകം ഫോർമാൻ കൊടുക്കേണ്ടതുമാണ്.

2. ചിട്ടി സംബന്ധമായി ഏതെങ്കിലും ഇനത്തിൽ ചിറ്റാളന്മാരിൽ നിന്നും ഫോർമാന് പണം ഈടാക്കുവാൻ ഉണ്ടായിരുന്നാൽ ഇറക്കു സംഖ്യയിൽ ഫോർമാന് പ്രഥമവും പ്രധാനവുമായുള്ള ബാദ്ധ്യത ഉണ്ടായിരിക്കുന്നതും, അതുപോലെ തന്നെ ചിറ്റാളന്മാർക്ക് ഫോർമാനിൽ നിന്നും ഏതെങ്കിലും തുക ചിട്ടി സംബന്ധമായി ഈടാക്കുവാൻ ഉണ്ടായിരുന്നാൽ ആ വക സംഖ്യ ഫോർമാന്റെ സെക്യൂരിറ്റി തുകയിൽ നിന്നും, ബാങ്കിൽ നിക്ഷേപിച്ചിട്ടുള്ള ചിട്ടി തുകയിൽ നിന്നും ഈടാക്കുന്നതിനുപണം കിട്ടാനുള്ള ചിറ്റാളന് അവകാശം ഉണ്ടായിരിക്കുന്നതുമാണ്.

3. ഫോർമാനും ചിറ്റാളന്മാരും തമ്മിലുള്ള എല്ലാ കൊടുക്കൽ വാങ്ങലുകളും രശീത് മുഖേന ആയിരിക്കേണ്ടതാകുന്നു.

4. യാതൊരു കാരണവശാലും ചിട്ടി മുതൽ വർദ്ധിപ്പിക്കുന്നതല്ല. എന്നാൽ ആവശ്യമെന്നുകണ്ടാൽ കുറവുചെയ്യാവുന്നതാണ്.

5. ചിട്ടി ഫണ്ട് റൂളിലെയും, ആക്റ്റിലെയും നിബന്ധനകൾക്ക് വിരുദ്ധമല്ലാതെ ചിട്ടി ഉടമ്പടിയിൽ ഭേദഗതികൾ വരുത്തണമെന്നുള്ള പക്ഷം ചിട്ടി പിടിക്കാത്തവരും ചിട്ടി പിടിച്ച് പണം പറ്റാത്തവരുമായ 25% കുറയാത്ത ചിറ്റാളന്മാരുടെ ഒരു പൊതുയോഗം ഫോർമാൻ രേഖാമൂലം വിളിച്ചുകൂട്ടേണ്ടതും അവരുടെ രേഖാമൂലമായ അംഗീകാരം നേടേണ്ടതുമാകുന്നു.

6. ഫോർമാന്റെ ഏതെങ്കിലും തരത്തിലുള്ള വീഴ്ചകൾ കൊണ്ട് ചിട്ടി തുടർന്ന് നടത്തുവാൻ കഴിയാത്ത പക്ഷം, എല്ലാ ചിട്ടി കിട്ടാത്തതും പിടിക്കാത്തതുമായ ചിറ്റാളന്മാർക്ക് അവരവർ ഇറക്കിയ തുക വീതപലിശ ഉൾപ്പെടെ ഉള്ള സംഖ്യ 60 ദിവസത്തിനകം കൊടുത്തുത്തീർക്കേണ്ടതാണ്. വീഴ്ച വരുത്തിയാൽ ആ വക സംഖ്യ ചിറ്റാളന്മാർക്ക് ഫോർമാന്റെ താഴെ പറഞ്ഞിരിക്കുന്ന ആസ്തികളിൽ നിന്ന് ഈടാക്കാവുന്നതാണ്.

എ. സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക
ബി. മറ്റുള്ള വസ്തു വകകൾ
സി. ചിട്ടി പിടിച്ച ചിറ്റാളന്മാർ മേൽതവണകൾക്ക് അടക്കേണ്ട തുകകൾ.

7. ഫോർമാൻ സ്ഥാനത്തല്ലാതെ ചിറ്റാൾ സ്ഥാനത്ത് ഏതെങ്കിലും യൂണിറ്റുകൾ ഫോർമാന് ഉള്ള പക്ഷം ഈ യൂണിറ്റുകളെ സംബന്ധിച്ചിടത്തോളം മറ്റു ചിറ്റാളന്മാർക്കുള്ളതിൽ കവിഞ്ഞ് ഏതെങ്കിലും തരത്തിലുള്ള അധികാര അവകാശങ്ങൾ ഇല്ലാത്തതും അപ്രകാരമുള്ള യൂണിറ്റുകളുടെ പണം ഫോർമാൻ പറ്റുമ്പോൾ മറ്റു ചിറ്റാളന്മാരെപോലെ തന്നെ മേൽതവണകളുടെ ഉറപ്പിലേക്ക് ചിട്ടി ആക്റ്റിനും റൂളിനും വിധേയമായ ജാമ്യം ഹാജരാക്കേണ്ടതാണ്.

8. ചിട്ടി കാലാവധിക്കുമുൻപ് ഫോർമാൻ മരണപ്പെടുകയോ ചിട്ടി തുടർന്നു നടത്തുന്നതിന് കഴിയാതെ വരികയോ ചെയ്താൽ–

(1) ഡയറക്ടർ ബോർഡ് തീരുമാനിക്കുന്ന ആൾ തുടർന്ന് ചിട്ടി നടത്തി അവസാനിപ്പിക്കുന്നതാകുന്നു.

(2) അതിനു തരപ്പെടാതെ വന്നാൽ ചിട്ടി പിടിച്ച് പണം പറ്റാത്ത ചിറ്റാളന്മാരുടെ പൊതുയോഗ തീരുമാനം പ്രകാരം ഫോർമാനായി തെരഞ്ഞെടുക്കുന്ന ആളിന് ചിട്ടി നടത്തി അവസാനിപ്പിക്കാവുന്നതും, അതും സാധിക്കാതെ വന്നാൽ വിശേഷാൽ നിശ്ചയം മൂലം ചിട്ടിയുടെ തുടർന്നുള്ള നടത്തിപ്പിന് ഉചിതമായ തീരുമാനം കൈക്കൊള്ളേണ്ടതുമാകുന്നു.

9. ചിട്ടി നടത്തിപ്പ് സംബന്ധിച്ച എല്ലാ തർക്കങ്ങളിലും തീരുമാനമെടുക്കാൻ ചിട്ട് ഫണ്ട് ആക്ട് 1982 സെക്ഷൻ 64ഉം അനുബന്ധ ചട്ടങ്ങൾ പ്രകാരവും അസിസ്റ്റന്റ് ചിട്ടി റജിസ്ട്രാർക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

10. മേൽ കാണിച്ച എല്ലാ നിബന്ധനകളും ഞാൻ വായിച്ചു മനസ്സിലാക്കുകയും ആയവ എനിക്ക് ബാധകമാണെന്ന് സമ്മതിക്കുകയും ആയതനുസരിച്ച് നടന്നുകൊള്ളാമെന്ന് സമ്മതിച്ചുകൊണ്ട് ഈ ചിട്ടിയിൽ എന്നെ ഒരു ചിറ്റാളായി ചേർക്കാൻ അപേക്ഷിച്ചുകൊള്ളുന്നു.

തിയ്യതി

പേര്

ചിറ്റാളന്റെ ഒപ്പ്

| ചിറ്റാളന്റെ പൂർണ്ണമായ പേരും മേൽവിലാസവും | എടുത്തിട്ടുള്ള യൂണിറ്റ് | നോമിനിയും ചിറ്റാളുമായുള്ള ബന്ധവും പൂർണ്ണമായ വിലാസവും അച്ഛന്റെയോ ഭർത്താവിന്റെയോ പേര് | സാക്ഷികളുടെ പേരും, ഒപ്പും, മേൽവിലാസവും |
|---|---|---|---|
| താലൂക്ക്<br>വില്ലേജ്<br>കര / മുറി<br>പഞ്ചായത്ത് / മുൻസിപ്പാലിറ്റി<br>വാർഡ് നമ്പർ / വീട്ടുനമ്പർ<br>വീട്ടുപേര്<br>പേര്<br>അച്ഛന്റെ പേര്<br>വയസ്സ്<br>പോസ്റ്റ് ഓഫീസ്<br>ഫോൺ നമ്പർ<br>ജോലി | | | |

ചിറ്റാൾ നമ്പർ

ചിട്ടി ഫോർമാന്റെ ഒപ്പും തിയ്യതിയും

അസിസ്റ്റന്റ് രജിസ്ട്രാർ ഓഫാ ചിറ്റ്സ് ........................................................
ആഫീസ്

(ഒപ്പും, തിയ്യതിയും)